"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനകാര്യം- തൃശ്ശൂർ ജില്ല - മണലൂർ ഗ്രാമപഞ്ചായത്ത് ഓഫീസിലെ ക്ലർക്ക് ശ്രീമതി. വിജയ കെ. കെ- യുടെ ക്ലർക്ക് തസ്തികയിലെ നിരീക്ഷണകാലം ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1565/2025/LSGD　തീയതി,തിരുവനന്തപുരം, 23-06-2025

---

പരാമർശം:-
1. തൃശ്ശൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 27/03/2003 തീയതിയിലെ E2-5243/01 നമ്പർ നടപടിക്രമം
2. തൃശ്ശൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 13/06/2003 തീയതിയിലെ ഇ2-2052/03(1) നമ്പർ നടപടിക്രമം
3. തൃശ്ശൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 14.12.2017ലെ ഇ2- 17701/17 നമ്പർ നടപടിക്രമം
4. 25.07.2018 ലെ റൂൾസ് 1/235/18 നമ്പർ സർക്കുലർ
5. തദ്ദേശസ്വയംഭരണ വകുപ്പ് തൃശ്ശൂർ ഡെപ്യൂട്ടി ഡയറക്ടറുടെ 04.03.2023ലെ DDP-TSR/433/2023-E2 നമ്പർ നടപടിക്രമം
6. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 08.04.2025ലെ LSGD/PD/34504/2024-DEC4 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

തൃശ്ശൂർ ജില്ലയിലെ മണലൂർ ഗ്രാമപഞ്ചായത്ത് ഓഫീസിലെ ക്ലർക്ക് ശ്രീമതി.വിജയ കെ കെ-യുടെ ക്ലർക്ക് തസ്തികയിലെ പ്രൊബേഷൻ കാലയളവ് 08.04.2006 മുതൽ 06.05.2019 വരെ ദീർഘിപ്പിച്ച നൽകുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (6) പ്രകാരം ശിപാർശ ലഭ്യമാക്കിയിട്ടുണ്ട്.

2. ശ്രീമതി. വിജയ കെ കെ -ക്ക് പരാമർശം (1) പ്രകാരം മുൻ പഞ്ചായത്ത് വകുപ്പിൽ തൃശ്ശൂർ ജില്ലയിലെ ചാഴൂർ ഗ്രാമപഞ്ചായത്തിൽ ക്ലർക്ക് തസ്തികയിൽ നിയമനം നൽകിയിട്ടുള്ളതും 31/03/2003 പൂർവാഹ്നം ടിയാൾ സേവനത്തിൽ പ്രവേശിച്ചിട്ടുള്ളതുമാണെന്നും, ശ്രീമതി. വിജയ കെ കെ -യുടെ ക്ലർക്ക് തസ്തികയിലെ സേവനം പരാമർശം (2) പ്രകാരം ക്രമവൽക്കരിച്ചിട്ടുണ്ടെന്നും ശ്രീമതി. വിജയ കെ കെ -യുടെ പേരിൽ വിജിലൻസ് കേസുകളോ മറ്റ് വകുപ്പ് തല അച്ചടക്ക നടപടികളോ ഇല്ലായെന്നും ടിയാളുടെ സേവനം തൃപ്തികരമാണെന്ന് മണലൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെന്നും, ടിയാളുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിനാവശ്യമായ എം.ഒ.പി ടെസ്റ്റ് യഥാസമയം വിജയിക്കാത്തതിനാൽ ടിയാളുടെ നിരീക്ഷണ കാലയളവ് പരാമർശം (3) പ്രകാരം 08/04/2005 മുതൽ 07/04/2006 വരെ ഒരു വർഷം ദീർഘിപ്പിച്ച് ഉത്തരവായിട്ടുള്ളതാണെന്നും ശ്രീമതി. വിജയ കെ കെ GPF, SLI, GIS എന്നിവയിൽ അംഗത്വമെടുക്കുകയും ചെയ്തിട്ടുണ്ടെന്നും പരാമർശം (5) പ്രകാരം ടിയാൾക്ക് 50 വയസ്സ്

പൂർത്തീകരിച്ച തീയതിയായ 04/05/2019 ൻറെ അടുത്ത ദിവസമായ 05/05/2019 തീയതി പ്രാബല്യത്തിൽ, ടിയാൾക്ക് നിർബന്ധിത വകുപ്പതല പരീക്ഷകൾ വിജയിക്കുന്നതിന് കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് റൂൾ 13 ബി പ്രകാരം സ്ഥിരമായി ഇളവ് നൽകി ഉത്തരവായിട്ടുണ്ടെന്നും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ പരാമർശം (6) പ്രകാരമുള്ള ശിപാർശ പരിഗണിച്ച് 05.05.2019 -ന് 50 വയസ്സ് കൈവരിച്ച തൃശ്ശൂർ ജില്ലയിലെ മണലൂർ ഗ്രാമപഞ്ചായത്ത് ഓഫീസിലെ ക്ലർക്ക് ശ്രീമതി.വിജയ കെ കെ യുടെ പ്രൊബേഷൻ കാലയളവ് 05.05.2019 ന് പൂർത്തിയാക്കിയതായി നിയമനാധികാരിക്ക് പ്രഖ്യാപിക്കാൻ ഉതകുന്ന വിധത്തിൽ KS&SSR Part II ചട്ടം 13(B) Proviso 4, പരാമർശം (4) സർക്കുലർ എന്നിവയിലെ വ്യവസ്ഥകൾക്ക് വിധേയമായി 08.04.2006 മുതൽ 06.05.2019 വരെ ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സെമിഗോപിനാഥ്. ജി

ഡെപ്യൂട്ടി സെക്രട്ടറി

1.പ്രിൻസിപ്പൽ ഡയറക്ടർ , തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം

2.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്) കേരള.തിരുവനന്തപുരം/തൃശ്ശൂർ

3.ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണവകുപ്പ് , തൃശ്ശൂർ (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

4.സെക്രട്ടറി, മണലൂർ ഗ്രാമപഞ്ചായത്ത് ഓഫീസ് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

5.ശ്രീമതി.വിജയ കെ കെ, ക്ലർക്ക്, മണലൂർ ഗ്രാമപഞ്ചായത്ത് ഓഫീസ് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

6.ഡയറക്ടർ, ഐ കെ എം

7.ഇൻഫർമേഷൻസ് & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ)

8.കരുതൽ ഫയൽ (ഫയൽ നം.92/ഇപിഎ1/2025-എൽഎസ്ജിഡി

ഉത്തരവിൻ പ്രകാരം

Signed by

Danuja M S

സെക്ഷൻ ഓഫീസർ

Date: 26-06-2025 11:57:11